KERALA BANK
Kerala State Co-operative Bank

മഴവില്ല്

Monthly Newsletter of Kerala State Co-operative Bank

കേരള ബാങ്ക് ബുള്ളറ്റിൻ | Volume 04 | Issue 02 | March 2024

ഉദ്യോഗസ്ഥ സംഗമം...

MISSION RAINBOW 2024

KERALA BANK
Kerala State Co-operative Bank

ചീഫ് എഡിറ്റർ
ഗോപി കോട്ടമുറിയ്ക്കൽ
പ്രസിഡന്റ്

മാനേജിംഗ് എഡിറ്റർ
റോയ് എബ്രഹാം
ചീഫ് ജനറൽ മാനേജർ

പത്രാധിപ സമിതി
പ്രിൻസ് ജോർജ്ജ്
(ജനറൽ മാനേജർ, AIM)
ജെ.എസ്. ബബ്‌ലു
(പ്രിൻസിപ്പൽ പിആർഒ)
സി.സഹദ് (പിആർഒ)
റീനമോൾ റ്റി (പിആർഒ)
അഭിജിത്ത് റ്റി (പിആർഒ)
ഹാറൂൺ റഷീദ് (പിആർഒ)
ജയ്കർ റ്റി.എസ് (പിആർഒ)

ഉള്ളടക്കം

ഉദ്യോഗസ്ഥ സംഗമം... 4
കേരള ബാങ്കിന് പുതിയ സിഇഒ 8
കേരള ബജറ്റ് 10
FPO ശില്പശാല 12
ശതാബ്ദി നിറവിൽ ഊരാളുങ്കൽ 15
നാട്ടുചന്ത 16
KB വനിതാ വായ്പകൾ 19
സാന്ത്വനസ്പർശം 24
കണ്ണൂർ റീജിയൻ 26
QUIZ TIME 30
NEW CEO FOR KERALA BANK 32
FINANCIAL DIGITAL LITERACY CAMPS 34
RBI' S MONETARY POLICY STATEMENT – 36

പ്രതീക്ഷയോടെ പുതിയ സാമ്പത്തിക വർഷത്തിലേക്ക്

മാർച്ച് മാസം ഒരു ഓർമ്മപ്പെടുത്തലാണ്. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും, കുറവുകൾ പരിഹരിച്ച് മുന്നോട്ട് പോകാനുമുള്ള തിരിച്ചറിവിന്റെ കാലം. ലാഭനഷ്ടങ്ങളുടെ കണക്കെടുപ്പിൽ നാം നടപ്പാക്കിയ കർമ്മ പദ്ധതികൾ, റിക്കവറി പ്രവർത്തനങ്ങൾ, ഇവയുടെ മൂല്യം വിലയിരുത്തപ്പെടുന്നു. ബാങ്കിന്റെ വളർച്ച ലക്ഷ്യമാക്കി നിശ്ചയിച്ച മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങൾ വഴി ഉദ്ദേശിച്ച ഫലം നേടാൻ കഴിഞ്ഞോയെന്ന് ബാലൻഷീറ്റിലൂടെ നമുക്ക് മനസ്സിലാക്കാം. 2023-24 സാമ്പത്തിക വർഷം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ച് കൂടുതൽ ലാഭം കൈവരിക്കുന്നതിന് നമുക്ക് കഴിയണം. മുന്നോട്ടുള്ള പ്രയാണത്തിൽ കുറവുകൾ പരിഹരിച്ച് മുന്നേറാനുള്ള ഓർമ്മപ്പെടുത്തലാകട്ടെ ഈ മാർച്ച് മാസം.

മാർച്ച് 8 സാർവ്വദേശീയ വനിതാദിനം- വിദ്യാഭ്യാസത്തിലൂടെ, തൊഴിൽ നേട്ടങ്ങളിലൂടെ, സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സ്വയം പര്യാപ്തരായ നമ്മുടെ സ്ത്രീ സമൂഹത്തിന് സാർവ്വദേശീയ വനിതാദിന ആശംസകൾ.

ഗോപി കോട്ടമുറിയ്ക്കൽ
പ്രസിഡന്റ്, കേരളബാങ്ക്

ഉദ്യോഗസ്ഥ സംഗമം...

ബാങ്കിന്റെ മികവുറ്റ പ്രവർത്തനം ലക്ഷ്യമാക്കി നടപ്പാക്കിയ Mission Rainbow 2024 ക്യാമ്പയിന്റെ ഭാഗമായി കേരള ബാങ്കിലെ അയ്യായിരത്തിലധികം ജീവനക്കാരെ ഉൾപ്പെടുത്തി ഉദ്യോഗസ്ഥ സംഗമം നടത്തി. ബാങ്കിലെ എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തി 2 ഘട്ടമായി നടത്തിയ ഉദ്യോഗസ്ഥ സംഗമം ബഹു സഹകരണ - തുറമുഖ 'വകുപ്പുമന്ത്രി ശ്രീ. വി.എൻ വാസവൻ ഉദ്ഘാടനം ചെയ്തു. ജനുവരി 15 ന് അങ്കമാലി കറുകുറ്റി Adlux കൺവെൻഷൻ സെന്റർ, ഫെബ്രുവരി 5ന് തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയം എന്നിവിടങ്ങളിലായിട്ടാണ് ജീവനക്കാരുടെ യോഗം സംഘടിപ്പിച്ചത്.

ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന രണ്ടുഘട്ട ഉദ്യോഗസ്ഥ സംഗമത്തിലും സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി IAS, സഹകരണ സംഘം രജിസ്ട്രാർ ശ്രീ. റ്റി.വി. സുഭാഷ് IAS,ബാങ്ക് വൈസ് പ്രസിഡന്റ് ശ്രീ. എം.കെ. കണ്ണൻ, ഭരണ സമിതി അംഗങ്ങൾ, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങൾ, ബാങ്ക് CEO ശ്രീ. പി.എസ്. രാജൻ എന്നിവർ സംബന്ധിച്ചു. ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ.സി. സഹദേവൻ മിഷൻ റെയിൻ ബോ 2024 റിപ്പോർട്ട് അവതരിപ്പിച്ചു. ചീഫ് ജനറൽ മാനേജർമാരായ ശ്രീ. റോയ് എബ്രഹാം, ശ്രീ. എ.ആർ. രാജേഷ്, ജനറൽ മാനേജർമാർ, റീജിയണൽ മാനേജർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

വായ്പാ വിതരണം റിക്കവറി പ്രവർത്തനങ്ങൾ തുടങ്ങി വിവിധ മേഖലയിലെ നേട്ടങ്ങൾ വിലയിരുത്തിയുള്ള അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു.

സഹകരണ മേഖലയുടെ വിശ്വാസ്യത
തകർക്കാനാവില്ല : മന്ത്രി വി.എൻ. വാസവൻ
തിരുവനന്തപുരം ● സഹകരണ മേഖലയുടെ വിശ്വാസ്യതയും സു
സഹകരണ മേഖലയിലെ നിക്ഷേ
സുരക്ഷ ഉറപ്പാക്കും: മന്ത്രി വാ
Kerala Bank organises officers meeting as part o
Mission Rainbow 2024
സമാഹരിച്ചത് 9,000 കോടി രൂപ
ഹകരണ മേഖലയുടെ വിശ്വാസ്യത
മന്ത്രി വി.എൻ. വാസവൻ
Mathrubhumi
മാതൃഭൂമി
സഹകരണ മേഖലയുടെ വിശ്വാസ്യതയും
താര്യതയും വർധിച്ചു -മന്ത്രി

ജോർട്ടി എം ചാക്കോ കേരള ബാങ്കിന്റെ പുതിയ സിഇഒ

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. ജോർട്ടി എം ചാക്കോ ചുമതലയേറ്റു.

നിലവിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി.എസ്. രാജന്റെ സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതിയുടെ ശുപാർശ മന്ത്രിസഭ അംഗീകരിച്ചതിനെ തുടർന്നാണ് നിയമനം. റിസർവ് ബാങ്കും ഈ നിയമനം നേരത്തെ അംഗീകരിച്ചിരുന്നു. ഐഡിബിഐ ബാങ്കിന്റെ റീട്ടെയിൽ ബാങ്കിംഗ് വിഭാഗം എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനമനുഷ്ഠിച്ചതിന് ശേഷമാണ് എറണാകുളം ജില്ലയിലെ പുത്തൻകുരിശ് സ്വദേശിയായ ശ്രീ. ജോർട്ടി കേരള ബാങ്ക് CEO ആയി ചുമതലയേറ്റത്. നാലു പതിറ്റാണ്ടത്തെ ബാങ്കിംഗ് അനുഭവസമ്പത്തുള്ള ശ്രീ. ജോർട്ടി എം. ചാക്കോ പഴയ തലമുറ പ്രൈവറ്റ് ബാങ്കായ ഫെഡറൽ ബാങ്കിലാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. തുടർന്ന് IDBI ബാങ്കിൽ സീനിയർ മാനേജർ & ക്ലസ്റ്റർ ഹെഡായി സർവ്വീസിൽ പ്രവേശിച്ച അദ്ദേഹത്തിന് IDBI ബാങ്കിന്റെ ജനറൽ മാനേജർ, ചീഫ് ജനറൽ മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളിൽ ദീർഘകാലം സേവനം അനുഷ്ഠിക്കാനും സാധിച്ചു. റീട്ടെയിൽ ബാങ്കിംഗ്, ട്രഷറി, റിസ്ക് മാനേജ്മെന്റ്, എൻആർഐ ബിസിനസ് തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ശ്രീ. ജോർട്ടി, നഷ്ടത്തിലായ ഐഡിബിഐ ബാങ്കിനെ ലാഭത്തിലാക്കിയതിൽ സുപ്രധാന പങ്ക് വഹിച്ച വ്യക്തിയാണ്. സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്ക് എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ ശ്രീ. ജോർട്ടി എം ചാക്കോയുടെ നേതൃത്വം കേരള ബാങ്കിന് മുതൽക്കൂട്ടാകുമെന്നത് തീർച്ചയാണ്.

ഒറ്റ നോട്ടത്തിൽ

2024-25 വർഷത്തിൽ 1,38,655 കോടി രൂപയുടെ റവന്യൂ വരുമാനവും 1,66,501 കോടി രൂപയുടെ റവന്യൂ ചെലവും 27,846 കോടി രൂപയുടെ റവന്യൂ കമ്മിയും ഉൾപ്പെട്ട 2024-25 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബജറ്റ് സംസ്ഥാന ധനകാര്യ മന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ 05/02/2024 ന് നിയമസഭയിൽ അവതരിപ്പിച്ചു.

ബജറ്റിലെ പ്രധാന പ്രഖ്യാപനങ്ങൾ

- ടൂറിസം മേഖലയിൽ ഈ വർഷം 5000 കോടി രൂപയുടെ നിക്ഷേപം
- സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള കെയർ സെന്ററുകൾ
- അങ്കണവാടി ജീവനക്കാർക്ക് പുതിയ ഇൻഷുറൻസ് പദ്ധതി.
- വിദേശമദ്യം കേരളത്തിൽ ഉൽപാദിപ്പിച്ച് കയറ്റി അയക്കാൻ നടപടി
- നവകേരള സദസ്സിൽ നിർദ്ദേശിച്ച പദ്ധതികൾക്കായി 1000 കോടി രൂപ വകയിരുത്തി.
- വൻകിട പദ്ധതികൾക്കായി 300.73 കോടി രൂപ
- സിൽവർ ലൈൻ പദ്ധതി സ്ഥാപിക്കാൻ കേന്ദ്രവുമായി ചർച്ച തുടരും.
- സംസ്ഥാനത്ത് 2000 wifi സ്പോട്ടുകൾ
- ലൈഫ് പദ്ധതിയിൽ 2025 ആകുമ്പോൾ 5 ലക്ഷം വീടുകൾ
- സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ 25 പുതിയ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകും
- പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് സ്വകാര്യ പങ്കാളിത്തം
- സ്വകാര്യ സർവ്വകലാശാലകൾ പരിഗണനയിൽ
- നികുതി കുടിശ്ശിക പിരിക്കാൻ ആംനെസ്റ്റി
- മറൈൻ ഡ്രൈവിൽ 2150 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര വാണിജ്യ സമുച്ചയം. ഇതിൽ 35900 sqft commercial complex ഉം 3524.332 sqft residential complex ഉം 1942000 sqft പാർക്കിംഗ് സ്ഥലവും പരിസ്ഥിതി അനുകൂല പാർക്കുകളും ഉൾപ്പെട്ടിട്ടുണ്ട്.
- വിഴിഞ്ഞം ഭാവി വികസനത്തിന്റെ കവാടം

- പങ്കാളിത്ത പെൻഷൻ പുന:പരിശോധിക്കും
- ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം ഒരു ഗഡു ഡി.എ കുടിശ്ശിക
- 2025 നവംബറോടെ അതി ദരിദ്രരില്ലാത്ത സംസ്ഥാനമാകും
- റബറിന്റെ താങ്ങുവില 10 രൂപ ഉയർത്തി
- കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കും
- കോടതി ഫീസുകൾ കൂട്ടും
- ഭൂമി രജിസ്ട്രേഷൻ നിരക്ക് കൂട്ടും
- കോർട്ട് ഫീ സ്റ്റാമ്പ് നിരക്കിൽ വർദ്ധനവ്
- ടൂറിസ്റ്റ് ബസ് നികുതി കുറയും
- അഖിലേന്ത്യാ പെർമിറ്റ് നികുതി കുറയും
- ഭൂമി ന്യായവിലയിൽ മാറ്റമില്ല

സഹകരണ മേഖലയ്ക്ക് 134 കോടി

സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി കേരള ബാങ്ക് വഴി നടപ്പാക്കുന്ന പുനരുദ്ധാരണ നിധിയിലേക്ക് സംസ്ഥാന ബഡ്ജറ്റിൽ 134 കോടി രൂപ വകയിരുത്തി. സാധാരണക്കാരന്റെ നിക്ഷേപങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാനുള്ള നിക്ഷേപ ഗ്യാരണ്ടി സ്കീം പരിധി 2 ലക്ഷത്തിൽ നിന്ന് 5 ലക്ഷമായി ഉയർത്തിയതും സഹകരണ മേഖലയ്ക്ക് നേട്ടമായി കണക്കാക്കാം.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതികൾക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

CAPE-നു കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 6.05 കോടി രൂപ.

തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പാക്കുന്ന വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് വായ്പ, ഓഹരി, മൂലധനം, പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നിവ നൽകുന്ന പദ്ധതിക്കായി 18 കോടി രൂപ.

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവിധ വികസന പദ്ധതികൾക്കായി 7 കോടി രൂപ.

വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള സഹായമായി 2.50 കോടി രൂപ.

കോ-ഓപ്പറേറ്റീവ്സ് ഇനിഷ്യേറ്റീവ് ഇൻ ടെക്നോളജി-ഡ്രിവൻ അഗ്രികൾച്ചർ (CITA) എന്ന പദ്ധതിക്ക് 30 കോടി രൂപ.

കാർഷിക ഉൽപ്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, സംസ്കരണം, ഗ്രേഡിംഗ്, വിപണനം എന്നീ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന സംഘങ്ങൾക്കുള്ള സഹായമായി 7.25 കോടി രൂപ.

കേരള സഹകരണ സംരക്ഷണ നിധി പദ്ധതിക്കായി 11.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കർഷക ഉൽപ്പാദക സംഘങ്ങളുടെ സംഘാടനം - ദ്വിദിന പരിശീലന പരിപാടി

കേരള ബാങ്ക് സംസ്ഥാനത്തെ വിവിധ കർഷക സംഘടനകളുമായി സഹകരിച് 14 ജില്ലകളിലും പുതിയ FPO കൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്. ഇതിന്റെ ഭാഗമായി പുതിയ FPO കളുടെ സംഘാടനം, ശാക്തീകരണം, ബിസിനസ്സ് സാധ്യതകൾ, സർക്കാർ ഏജൻസികൾ ഉൾപ്പെടെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച് കൂടുതൽ അവബോധം ലഭിക്കുന്നതിന് കർഷക സംഘടനയിലെ അംഗങ്ങൾക്ക് കേരള ബാങ്ക് ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. ജനുവരി 22,23 ദിവസങ്ങളിൽ ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിശീലന പരിപാടി നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ.ജി. ഗോപകുമാരൻ നായർ ഉദ്ഘാടനം ചെയ്തു. മുൻ സ്പീക്കർ ശ്രീ. എം. വിജയകുമാർ, ബാങ്ക് CEO ശ്രീ. പി. എസ്. രാജൻ, ജനറൽ മാനേജർ ശ്രീമതി പ്രീത. കെ. മേനോൻ, റീജിയണൽ മാനേജർ ശ്രീമതി ലത പിള്ള, കർഷക സംഘം സംസ്ഥാന സെക്രട്ടറി ശ്രീ. വത്സൻ പനോളി, കേരള ബാങ്ക് BDPI സെൽ റിസോഴ്സ് പേഴ്സൺസ് ശ്രീ. ഷാജി സക്കറിയ, ശ്രീ. എസ്. കുമാർ എന്നിവർ പങ്കെടുത്തു. വിവിധ മേഖലയിലെ പ്രഗത്ഭർ ക്ലാസ്സുകൾ നയിച്ചു. വിജയകരമായി പ്രവർത്തിച്ചു വരുന്ന FPO കളുടെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് പഠന സന്ദർശന പരിപാടിയും സംഘടിപ്പിച്ചു. 75-ൽ അധികം കർഷകർ ക്യാമ്പിൽ പങ്കെടുത്തു.

കേരളത്തിലെ കാർഷിക മേഖലയുടെ വളർച്ചയ്ക്കായി കേരള ബാങ്ക് സമയോചിതമായ ഇടപെടലാണ് നടത്തുന്നതെന്ന് നബാർഡ് സിജിഎം, ഡോ. ജി. ഗോപകുമാരൻ നായർ. ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് നബാർഡിന്റെ എല്ലാ പിന്തുണയും അദ്ദേഹം വാഗ്ദാനം ചെയ്തു.

കേരള ബാങ്കിന്റെ നേതൃത്വത്തിൽ ഏറ്റവും കൂടുതൽ കർഷക ഉൽപാദക സംഘങ്ങൾ രൂപീകരിച്ച പാലക്കാട് CPC മാനേജർ ശ്രീ. എൻ. രാജു ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കലിന്റെ പക്കൽ നിന്നും ഉപഹാരം ഏറ്റുവാങ്ങുന്നു.

സഹകരണ മേഖലയിൽ പുതിയ നിക്ഷേപം 23,263 കോടി

സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണത്തിൽ റെക്കോഡ് നേട്ടം. ഒരു മാസം കൊണ്ട് 9000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്, എന്നാൽ, 23,263.73 കോടിയുടെ പുതിയ നിക്ഷേപമാണ് സഹകരണ ബാങ്കുകളിലെത്തിയത്. ജനവരി 10 മുതൽ ഫെബ്രുവരി 12 വരെ ആയിരുന്നു കാമ്പയിൻ. ജനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളിലുള്ള അചഞ്ചല വിശ്വാസമാണിത് തെളിയിക്കുന്നതെന്ന് മന്ത്രി ശ്രീ. വി.എൻ. വാസവൻ പറഞ്ഞു.

20,055.42 കോടി രൂപ ജില്ലകളിലെ സഹകരണ ബാങ്കുകളും 3208.31 കോടി രൂപ കേരള ബാങ്കും സമാഹരിച്ചു. 4347.39 കോടി സമാഹരിച്ച കോഴിക്കോട് ജില്ലയാണ് മുന്നിൽ. 2692.14 കോടി രൂപ സമാഹരിച്ച മലപ്പുറം ജില്ല രണ്ടാം സ്ഥാനവും 2569.76 കോടി രൂപ സമാഹരിച്ച കണ്ണൂർ ജില്ല മൂന്നാം സ്ഥാനവും നേടി.

9–ാം സഹകരണ കോൺഗ്രസ്

കേരള സമ്പദ്ഘടനയിലെ അവഗണിക്കാനാവാത്ത ശക്തിയായി മാറിയ സഹകരണ മേഖലയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ സഹായമാകുന്ന നിരവധി ക്രിയാത്മക നിർദേശങ്ങളുമായി തിരുവനന്തപുരത്ത് ഫെബ്രുവരി 21, 22 തീയതികളിലായി ഒൻപതാം സഹകരണ കോൺഗ്രസിന് സമാപനം കുറിച്ചു. സഹകരണ സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യം സഹകരണ കോൺഗ്രസ് മുന്നോട്ട് വച്ചു. പ്രാഥമിക സഹകരണ സംഘങ്ങളും കേരള ബാങ്കുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കണമെന്നും സംഘങ്ങളെ ആധുനികവൽക്കരിക്കണമെന്നും വനിതാ സംരംഭങ്ങളെയും യുവാക്കളുടെ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കണമെന്നും സഹകരണ കോൺഗ്രസിൽ ആവശ്യമുയർന്നു.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്ന കേരള ബാങ്കിന്റെ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ സംഘങ്ങളുടെ ഉപഭോക്താക്കൾക്കും എത്തിക്കാനുള്ള നടപടി പുരോഗമിക്കുകയാണെന്ന് സഹകരണ കോൺഗ്രസ് ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു. കേരളത്തിലെ സഹകരണ മേഖലയുടെ വളർച്ച രാജ്യം അത്ഭുതത്തോടെയാണ് നോക്കിക്കണ്ടത്. ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ സ്ഥാപനം എന്ന അംഗീകാരം ലഭിച്ച കേരള ബാങ്കിന്റെ പ്രവർത്തന മാതൃക മറ്റു സ്ഥാപനങ്ങളും പഠിക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സമ്മേളനത്തിലെ ക്രിയാത്മക നിർദേശങ്ങളെല്ലാം സർക്കാർ നടപ്പാക്കുമെന്ന് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ ഉറപ്പുനൽകി. സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുമെന്നും പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങളെ കൈ പിടിച്ചുയർത്തുന്നതിന് പുനരുദ്ധാരണ ഫണ്ടിന് രൂപം നൽകിയിട്ടുണ്ടെന്നും സഹകരണ വകുപ്പ് മന്ത്രി പറഞ്ഞു. സമാപനത്തിന് മുന്നോടിയായി സംഘടിപ്പിച്ച ഘോഷയാത്ര സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ഫ്ളാഗ് ഓഫ് ചെയ്തു.

ശതാബ്ദി നിറവിൽ ഊരാളുങ്കൽ

ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഒരു വർഷം നീണ്ടു നില്ക്കുന്ന ശതാബ്ദിയാഘോഷ പരിപാടികൾ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഫെബ്രുവരി 13 – ന വടകര മടപ്പള്ളി ജി.വി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ടിൽ ചേർന്ന സമ്മേളനത്തിൽ സഹകരണ തുറമുഖ വകുപ്പ മന്ത്രി ശ്രീ. വി.എൻ. വാസവൻ അദ്ധ്യക്ഷത വഹിച്ചു.

അന്താരാഷ്ട്ര സഹകരണ ഉച്ചകോടിയും സുസ്ഥിരനിർമ്മാണങ്ങളെപ്പറ്റിയുള്ള അന്താരാഷ്ട്ര ഗവേഷണ സെമിനാറും പൊതുനിർമ്മാണങ്ങളുടെ സോഷ്യൽ ഓഡിറ്റും ഉൾപ്പെടെ വൈവിദ്ധ്യമാർന്ന നിരവധി പരിപാടികളാണ് ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുള്ളത്.

തൊഴിലാളികളുടെ നൈപുണ്യത്തിലും ഉയർന്ന വേതനത്തിലും ആനുകൂല്യങ്ങളിലും ക്ഷേമത്തിലും മുഖ്യ ഊന്നൽ നൽകി പ്രവർത്തിക്കുന്ന സൊസൈറ്റി തൊഴിലാളികൾക്കുള്ള പാർപ്പിടം, തുടർപഠനം, മക്കൾക്ക് രാജ്യത്തെ ഉന്നതവിദ്യാലയങ്ങളിൽ പ്രധാന കോഴ്സുകൾക്ക് സ്കോളർഷിപ്പ്, ആരോഗ്യസർവ്വേ, സ്വന്തം കായിക ടീമുകൾ, കായിക പരിശീലനം, കലാപരിശീലനം, തുടങ്ങിയ നൂതന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. യു എൽ ടെക്നിക്കൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തുടങ്ങാനും തീരുമാനമുണ്ട്.



മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിൽ ലയിപ്പിച്ചത് ഡിവിഷൻ ബെഞ്ചും ശരിവച്ചു

മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ (കേരള ബാങ്ക്) ലയിപ്പിച്ചത് ഹൈക്കോടതി ഡിവിഷൻ ബെഞ്ചും ശരിവെച്ചു. കേരള സർക്കാരിന്റെ ലയന നടപടി ശരിവച്ച ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധി ചോദ്യം ചെയ്ത് ശ്രീ യു.എ. ലത്തീഫ് എംഎൽഎ ഉൾപ്പെടെയുള്ളവർ നൽകിയ അപ്പീലുകളാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളിയത്. സംസ്ഥാനത്ത് 13 ജില്ലാ സഹകരണ ബാങ്കുകൾ കേരള ബാങ്കിൽ ലയിപ്പിച്ചതിന് റിസർവ് ബാങ്ക് നൽകിയ അനുമതി തുടരുകയാണെന്ന് ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു. ലയനത്തിൽ പൊതുതാൽപര്യമുണ്ടെന്ന വാദവും കോടതി അംഗീകരിച്ചു. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിച്ച നടപടിക്ക് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ അംഗീകാരം ലഭിച്ചതോടെ സംസ്ഥാന സർക്കാരിന്റെ നിലപാടാണ് ശരിയെന്ന് തെളിഞ്ഞതായി മന്ത്രി ശ്രീ. വി.എൻ. വാസവൻ. ഇത് സഹകരണമേഖലയുടെ വിജയമാണെന്ന് അദ്ദേഹം അറിയിച്ചു. ജനങ്ങൾക്കും നാടിനും ഗുണകരമായ തീരുമാനമായിരുന്നു സർക്കാർ കൈകൊണ്ടത്. സഹകരണ മേഖലയെ സംരക്ഷിക്കുന്ന സർക്കാർ നിലപാടുകൾക്കുള്ള അംഗീകാരം കൂടിയാണ് ഈ വിധിയെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

നാട്ടുചന്ത

മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ സംഘത്തിന്റെ നൂതന സംരംഭം

രാജ്യത്തിന് മാതൃകയാണ് കേരളത്തിലെ സഹകരണ മേഖല. കേരളത്തിലെ ഓരോ സംഘങ്ങളും ബഹുമുഖ സേവന കേന്ദ്രങ്ങളായി വളർന്നു വന്നുകൊണ്ടിരിക്കുകയാണ്. ബാങ്കിംഗ് മേഖലയിൽ മാത്രമല്ല, സാധാരണക്കാരായ ജനങ്ങളുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും മെച്ചപ്പെട്ട സേവനമാണ് സഹകരണ സ്ഥാപനങ്ങൾ മുന്നോട്ടു വയ്ക്കുന്നത്. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ സംഘം. പൊതുസമൂഹത്തിന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങളും ഒരു കുടക്കീഴിൽ സജ്ജീകരിച്ചിരിക്കുന്ന **നാട്ടുചന്ത** എന്ന പുതുമയാർന്ന പദ്ധതിയാണ് മണ്ണാർക്കാട് സഹകരണ സംഘം നടപ്പാക്കിയിരിക്കുന്നത്.

> പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കുന്നതിന് നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് നടപ്പാക്കുന്ന PACS as MSC വായ്പ പദ്ധതി പ്രകാരം 9 കോടി 16 ലക്ഷം രൂപ മണ്ണാർക്കാടിന്റെ നാട്ടുചന്ത പദ്ധതിക്ക് ലഭിച്ചു. അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന്റെ പലിശ ഇളവും കേരള ബാങ്ക് വഴി അനുവദിച്ചിട്ടുണ്ട്.

എല്ലാ വിഭാഗം ജനങ്ങളെയും ആകർഷിക്കുന്ന രീതിയിലുള്ള വ്യാപാര പ്രവർത്തനങ്ങളാണ് നാട്ടുചന്തയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. "നല്ല ആരോഗ്യത്തിന് നല്ല ഭക്ഷണം, നല്ല ആരോഗ്യത്തിന് നല്ല നടത്തം, മണ്ണാർക്കാട്ടുകാർക്ക് ഇനി ഒറ്റ നടത്തം" എന്ന ആപ്തവാക്യമാണ് നാട്ടു ചന്തയെ കൂടുതൽ ആകർഷകവും ജനകീയവുമാക്കുന്നത്. പ്രഭാത സവാരിയുടെ ഒപ്പം തന്നെ വിവിധ ആവശ്യങ്ങളും നിറവേറ്റാൻ കഴിയുന്ന രീതിയിൽ എല്ലാ സേവനങ്ങളും സമന്വയിപ്പിക്കുന്നു എന്നതാണ് മണ്ണാർക്കാട്ടെ 'നാട്ടുചന്ത' യുടെ പ്രത്യേകത.

നാട്ടുചന്തയിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ

- രാവിലെ 6 മണിമുതൽ തന്നെ പ്രവർത്തനമാരംഭിക്കുന്ന നീതി സൂപ്പർമാർക്കറ്റ്
- ഫിഷ് സ്റ്റാൾ, ബീഫ് സ്റ്റാൾ, മട്ടൺ സ്റ്റാൾ, ചിക്കൻ സ്റ്റാൾ
- സംസ്ഥാനത്ത് ആദ്യമായി ഓസോൺ വാഷ് ചെയ്ത് കീടനാശിനികളും രാസപദാർത്ഥങ്ങളും നീക്കം ചെയ്ത് ശുദ്ധീകരിച്ച പഴങ്ങളുടേയും പച്ചക്കറികളുടേയും വിപണനം.
- സൈലന്റ് വാലി തേനും, നാടൻ തേനും സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്ന തേൻ സംസ്കരണ യൂണിറ്റ്
- അതതു ദിവസം കറന്നെടുക്കുന്ന ശുദ്ധമായ പശുവിൻ പാൽ
- ആരോഗ്യകരമായ ജ്യൂസുകൾ, ചായ, കാപ്പി എന്നിവ ലഭിക്കുന്ന ടീ & കോഫി പാർലർ
- കോൾഡ് സ്റ്റോറേജ്
- എല്ലാവിധ പഴങ്ങളും രാസപദാർത്ഥങ്ങൾ ഉപയോഗിക്കാതെ പഴുപ്പിക്കുന്നതിനുള്ള റൈപ്പനിംഗ് ചേംബർ
- രക്ത പരിശോധനകളും, സ്കാനിംഗ്, ഇ.സി.ജി സേവനങ്ങളും ലഭ്യമാകുന്ന നീതി ഡയഗ്നോസ്റ്റിക് സെന്റർ
- നീതി മെഡിക്കൽ സ്റ്റോർ
- കെ.ടി.ഡി.സി ആഹാർ റെസ്റ്റോറന്റ്
- കെ.ടി.ഡി.സി ബിയർ & വൈൻ പാർലർ
- ഓപ്പൺ മാർക്കറ്റ്
- 5000 ചതുരശ്ര അടി /1000 മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഗോഡൗൺ

മണ്ണാർക്കാട് സംഘത്തിന്റെ ഹെഡ് ഓഫീസിനു സമീപം 1 ഏക്കർ സ്ഥലത്ത് 25000 ചതുരശ്ര അടി കെട്ടിടവും, 5000 ചതുരശ്ര അടി ഗോഡൗണും അനുബന്ധ സംവിധാനങ്ങളുമാണ് നാട്ടുചന്തക്കായി സജ്ജീകരിച്ചിരിക്കുന്നത്.

രാവിലെ 6 മണി മുതൽ തന്നെ സൂപ്പർമാർക്കറ്റ്, ചിക്കൻ, മീറ്റ് സ്റ്റാളുകൾ, പാൽ വിതരണം, നീതി ഡയഗ്നോസ്റ്റിക് സെന്റർ, ടീ & ജ്യൂസ് പാർലർ എന്നിവയെല്ലാം സജീവമാണ് എന്നതും നാട്ടുചന്തയുടെ പ്രത്യേകതയായി മാറിക്കഴിഞ്ഞു.

"കലർപ്പുകളില്ലാത്ത കരുതലുമായി നാട്ടുചന്ത" എന്നതാണ് നാട്ടുചന്തയുടെ പൊതുവായിട്ടുള്ള പരസ്യവാചകം.

പദ്ധതിയുടെ ഉദ്ഘാടനം ബഹു സഹകരണ തുറമുഖ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ നിർവ്വഹിച്ചു. കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐ.എ.എസ്, സഹകരണസംഘം രജിസ്ട്രാർ ശ്രീ. ടി.വി. സുഭാഷ് ഐ.എ.എസ്., നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ജി. ഗോപകുമാരൻ നായർ, അഡ്വ. എൻ. ഷംസുദ്ദീൻ മണ്ണാർക്കാട് എം.എൽ.എ, കെ.റ്റി.ഡി.സി. ചെയർമാൻ ശ്രീ. പി.കെ. ശശി എം.എൽ.എ, കേരള ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ.സി. സഹദേവൻ, മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ സംഘം പ്രസിഡന്റ് ശ്രീ. പി.എൻ. മോഹനൻ മാസ്റ്റർ, സെക്രട്ടറി ശ്രീ. എം. പുരുഷോത്തമൻ, കേരള ബാങ്ക് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

"നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് നടപ്പാക്കുന്ന **PACS as MSC** പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മാതൃകയാണ് മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ സംഘത്തിന്റെ നാട്ടുചന്ത. ഏതാണ്ട് 50 പേർക്ക് തൊഴിൽ നൽകാനാകും എന്നതാണ് ഈ പദ്ധതിയുടെ നേട്ടം. PACS as MSC പദ്ധതി പ്രകാരം 9 കോടി 16 ലക്ഷം രൂപയാണ് മണ്ണാർക്കാടിന് വായ്പ അനുവദിച്ചത്. അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന്റെ പലിശ ഇളവും കേരള ബാങ്ക് വഴി മണ്ണാർക്കാട് സഹകരണ സംഘത്തിന് ലഭിച്ചു. വിറ്റുവരവിന്റെ 10 ശതമാനത്തിൽ കുറയാത്ത സംഖ്യ ലാഭവും, വാടക വരുമാനവും മറ്റു വ്യാപാര ലാഭങ്ങളും കൂടി കണക്കിലെടുക്കുമ്പോൾ നാട്ടുചന്തയുടെ പ്രവർത്തനം തികച്ചും ലാഭകരമായി തന്നെ മുന്നോട്ടു കൊണ്ടുപോകാനാകും. ബഹുമുഖ സേവന കേന്ദ്രം എന്ന നിലയിലേക്ക് ധാരാളം സംഘങ്ങൾക്ക് ഉയർന്നുവരാൻ കേരള ബാങ്കിന്റെ PACS as MSC പദ്ധതിയിലൂടെ സാധിക്കട്ടെ."

നീതി മെഡിക്കൽ &ഡയഗ്നോസ്റ്റിക് സെന്റർ ഉദ്ഘാടനം കേരള ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ. സി സഹദേവൻ നിർവ്വഹിക്കുന്നു

സ്ത്രീകളുടെ തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത വനിതകളിലൂടെ ഉറപ്പാക്കുന്നതിനും

കേരള ബാങ്ക് വനിത വായ്പകൾ

വനിതാദിന ആശംസകൾ

കേരള ബാങ്ക് വനിത വായ്പകൾ

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലൂടെ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് കേരള ബാങ്ക് ശാഖകൾ വഴിയും കേരള ബാങ്കിന്റെ ധനസഹായത്തോടെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴിയും വനിതകൾക്ക് പത്തിലധികം വായ്പകൾ അനുവദിക്കുന്നുണ്ട്. സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി ഇരുചക്ര വാഹന വായ്പയും കുറഞ്ഞ പലിശ നിരക്കിൽ വനിതകൾക്ക് അനുവദിക്കുന്നു.

കേരള ബാങ്ക് ശാഖകൾ വഴി നൽകുന്ന പ്രധാന വനിത വായ്പകൾ

- KB വനിത പ്ലസ് ബിസിനസ്സ് വായ്പകൾ (3 ഉപ വിഭാഗങ്ങൾ)
- KB ഷീ ടൂവീലർ വായ്പ
- KB സഹജ മൈക്രോ ഫിനാൻസ് വായ്പ
- SAF (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ)

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ വഴി അനുവദിക്കുന്ന വനിത വായ്പകൾ

- KB **മഹിള ശക്തി വായ്പകൾ**

a) അന്നപൂർണ്ണ വായ്പ
b) ബിസിനസ് വനിത വായ്പ
c) വനിത മുദ്ര വായ്പ
d) വനിത വികസന വായ്പ
e) ഉദ്യോഗിനി വായ്പാ പദ്ധതി
f) വനിത ശക്തി കേന്ദ്ര പദ്ധതി

KB വനിത പ്ലസ് ബിസിനസ്സ് വായ്പാ പദ്ധതികൾ

സംരംഭ മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച വനിത പ്ലസ് ബിസിനസ് വായ്പകൾ കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വനിതകൾക്കും ലളിതമായ വ്യവസ്ഥകളിൽ ലഭ്യമാണ്. 3 ഉപ വിഭാഗങ്ങൾ ഉൾപ്പെടെ 4 വ്യത്യസ്ത വായ്പ പദ്ധതികളാണ് വനിതാ പ്ലസ് ബിസിനസ്സ് വായ്പയിലൂടെ ലഭിക്കുന്നത്.



KB വനിത പ്ലസ് ബിസിനസ്സ് വായ്പ

തിരിച്ചടവ് കാലാവധി - 7 വർഷം
പ്രായപരിധി - 18-65
വായ്പാ തുക - 5 ലക്ഷം

a ഫുഡ് കേറ്ററിംഗ് ബിസിനസ് വായ്പ

തിരിച്ചടവ് കാലാവധി - 5 വർഷം
പ്രായപരിധി - 18-65
വായ്പാ തുക - 1 ലക്ഷം

b ബ്യൂട്ടി പാർലർ, തയ്യൽ, ട്യൂഷൻ, ഡേ കെയർ തുടങ്ങുന്നതിന്

തിരിച്ചടവ് കാലാവധി - 5 വർഷം
പ്രായപരിധി - 18-65
വായ്പാ തുക - 2 ലക്ഷം

c വാർഷിക കുടുംബ വരുമാനം 45000/ൽ കുറഞ്ഞവർക്ക് സംരംഭം തുടങ്ങാൻ

തിരിച്ചടവ് കാലാവധി - 5 വർഷം
പ്രായപരിധി - 18-65
വായ്പാ തുക - 1 ലക്ഷം



KB ഷീ ടൂ വീലർ വായ്പ (ഇലക്ട്രിക് ഉൾപ്പെടെ)

സ്ത്രീകളുടെ സുരക്ഷിത യാത്രയ്ക്കായി കേരള ബാങ്ക് ആവിഷ്കരിച്ച ഇരു ചക്ര വാഹന വായ്പ.

തിരിച്ചടവ് കാലാവധി - 7 വർഷം
പ്രായപരിധി - 18-65
വായ്പാ തുക - 2 ലക്ഷം



KB സഹജ മൈക്രോ ഫിനാൻസ് വായ്പ

സ്ത്രീ സംരംഭകർക്കായുള്ള മൈക്രോ ഫിനാൻസ് വായ്പ

തിരിച്ചടവ് കാലാവധി - 3 വർഷം
വായ്പാ തുക - 20 ലക്ഷം
അർഹത - സ്വയം സഹായ സംഘങ്ങളിലെ വനിത അംഗങ്ങൾക്ക് (SHG/NHG/JLG)

KB SAF (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ)

കേരള സർക്കാരിന്റെ ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് SAF ന്റെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾക്ക്, JLG കൾക്ക്, മത്സ്യ ബന്ധന മേഖലയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് അനുവദിക്കുന്ന വായ്പ

വായ്പാ പരിധി - 2 ലക്ഷം
തിരിച്ചടവ് കാലാവധി - 3 വർഷം

KB മഹിള ശക്തി വായ്പകൾ (സംഘങ്ങൾ വഴി)

സംസ്ഥാനത്ത് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന വനിത സഹകരണ സംഘങ്ങൾ സംഘത്തിന്റെ നിയമാവലിയ്ക്ക് വിധേയമായി അവരുടെ അംഗങ്ങൾക്ക് അനുവദിച്ച് നൽകുന്ന വിവിധ ഇനം വായ്പകൾക്ക് കേരള ബാങ്ക് പുനർ വായ്പ അനുവദിക്കുന്നു.

a) **അന്നപൂർണ്ണ വായ്പ**
ഫുഡ് കാറ്ററിംഗ് ബിസിനസ്സ് തുടങ്ങാൻ 1 ലക്ഷം രൂപ വരെ വായ്പ

b) **ബിസിനസ് വനിത വായ്പ**
വനിതകളുടെ ബിസിനസ്സ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

c) **വനിത മുദ്ര വായ്പ**
ബ്യൂട്ടിപാർലർ, തയ്യൽ, ട്യൂഷൻ, ഡേ കെയർ തുടങ്ങുന്നതിന് 2 ലക്ഷം രൂപ വായ്പ

d) **വനിത വികസന വായ്പ**
സർക്കാർ സംരംഭങ്ങളുടെ ഭാഗമായുള്ള ബിസിനസിന് പദ്ധതിയുടെ 50%. വായ്പ

e) **ഉദ്യോഗിനി വായ്പാ പദ്ധതി**
വാർഷിക കുടുംബ വരുമാനം 45000/- ൽ കുറഞ്ഞ കുടുംബങ്ങളിലെ സ്ത്രീകൾക്ക് സംരംഭം തുടങ്ങാൻ 1 ലക്ഷം രൂപ വായ്പ

f) **വനിത ശക്തി കേന്ദ്ര പദ്ധതി**
ഗ്രാമീണ മേഖലയിലെ വനിതകളുടെ സംരംഭങ്ങൾക്ക് 50000/-രൂപ വായ്പ ലഭിക്കുന്നു

*ബാങ്കിന്റെ MCLR നിരക്കനുസരിച്ച് പലിശനിരക്കിൽ മാറ്റം വരുന്നതാണ്

KB വനിത വായ്പകൾ ബ്രോഷർ പ്രകാശനം ചെയ്തു

സ്ത്രീസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് വനിതകൾക്ക് മാത്രമായി 10 ൽ അധികം വായ്പ പദ്ധതികളാണ് കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. കേരള ബാങ്കിന്റെ വനിത വായ്പ പദ്ധതികളുടെ ബ്രോഷർ പ്രകാശനം ബാങ്ക് ഹെഡ്ഓഫീസിൽ നടന്ന വനിതാ ദിന ആഘോഷങ്ങളുടെ ഭാഗമായി സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐ.എ.എസ് നിർവ്വഹിച്ചു. നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ജി ഗോപകുമാരൻ നായർ ബ്രോഷർ സ്വീകരിച്ചു. 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്ന കെ.ബി സഹജ മൈക്രോ ഫിനാൻസ് വായ്പ, ബ്യൂട്ടിപാർലർ തയ്യൽ, ഡെ കെയർ, ട്യൂഷൻ സെന്റർ, ഫുഡ് കേറ്ററിംഗ് ബിസിനസ്സ് തുടങ്ങി വിവിധ സംരംഭങ്ങൾക്കായുള്ള വനിത പ്ലസ് ബിസിനസ് വായ്പ, വനിതകൾക്കായുള്ള 2 ലക്ഷം രൂപയുടെ ഇരുചക്ര വാഹന വായ്പ, മത്സ്യബന്ധന മേഖലയിലെ വനിതകൾക്ക് 2 ലക്ഷം രൂപവരെ ലഭിക്കുന്ന വായ്പ പദ്ധതി, കേരള ബാങ്കിന്റെ ധനസഹായത്തോടെ സംഘങ്ങൾ വഴി നൽകുന്ന മഹിളശക്തി വായ്പകൾ എന്നിവ കേരള ബാങ്കിലെ പ്രധാന വനിത വായ്പകളാണ്. മുതിർന്ന വനിതകളെ ആദരിക്കുന്ന ചടങ്ങും വനിതാദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. നബാർഡ് ജനറൽ മാനേജർ ശ്രീ. എച്ച് മനോജ്, ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. അമിതാബ് ഭാർഗവ്, കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ജോർട്ടി എം. ചാക്കോ, എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ. സി സഹദേവൻ, ചീഫ് ജനറൽ മാനേജർ ശ്രീ. റോയ് എബ്രഹാം, ജനറൽ മാനേജർമാരായ ശ്രീ. റ്റി.കെ. റോയ്, ഡോ. ആർ. ശിവകുമാർ, ശ്രീ. ഫിറോസ് ഖാൻ, ശ്രീമതി അനിത എബ്രഹാം, ശ്രീമതി പ്രീത കെ. മേനോൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

വനിതകൾക്ക് സ്വയംതൊഴിൽ വായ്പ നൽകി

കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീയുടെയും കേരള ബാങ്ക് കോഴിക്കോട് ക്രെഡിറ്റ് പ്രൊസസിംഗ് സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ കുടുംബശ്രീ അംഗങ്ങളായ 30 പേർക്ക് തയ്യൽ മെഷീൻ വാങ്ങിക്കുന്നതിന് വനിത പ്ലസ് വായ്പ നൽകി. കുടുംബശ്രീയുടെ നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (എൻ.യു.എൽ.എം) കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിപാടി കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ. ബീനാഫിലിപ്പ് ഉദ്ഘാടനം ചെയ്തു. കേരള ബാങ്ക് ഡയറക്ടർ ശ്രീ. ഇ. രമേശ് ബാബു അധ്യക്ഷത വഹിച്ചു. കോഴിക്കോട് കോർപ്പറേഷൻ ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ. പി. ദിവാകരൻ പദ്ധതി വിശദീകരിച്ചു. കേരള ബാങ്ക് റീജിയണൽ ജനറൽ മാനേജർ ശ്രീ. ഷിബു എം.പി. എൻ.യു.എൽ.എം. സിറ്റി പ്രോജക്ട് ഓഫീസർ ഡോ. മുനവർ റഹ്മാൻ ടി. കെ., കുടുംബശ്രീ പ്രോജക്ട് ഓഫീസർ ശ്രീ. സി. ഷജീഷ്, കേരള ബാങ്ക് കോഴിക്കോട് സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. പി. രാജീവ്, നോർത്ത് സി.ഡി.എസ് ചെയർ പേഴ്സൺ ശ്രീമതി അംബിക എം, സെൻട്രൽ സി.ഡി.എസ് വൈസ് ചെയർ പേഴ്സൺ ശ്രീമതി ശോഭന പി, സൗത്ത് സി.ഡി.എസ് വൈസ് ചെയർ പേഴ്സൺ ശ്രീമതി സ്മിത ഒ. എൻ.യു.എൽ.എം സിറ്റി മിഷൻ മാനേജർ ശ്രീ. മുനീർ എം.പി. എന്നിവർ പ്രസംഗിച്ചു. പദ്ധതി പ്രകാരം കോർപറേഷൻ പരിധിയിൽ തയ്യൽ മെഷീൻ ആവശ്യമുള്ള മുഴുവൻ കുടുംബശ്രീ അംഗങ്ങൾക്കും കേരള ബാങ്ക് വായ്പ നൽകാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ലോക വനിത ദിനത്തിൽ നിരാലംബയായ വീട്ടമ്മയുടെ വായ്പ്പാ ബാധ്യത അടച്ചുതീർത്ത് കേരള ബാങ്ക് ജീവനക്കാർ

ലോക വനിത ദിനത്തിൽ നിരാലംബയായ വീട്ടമ്മയുടെ വായ്പ്പാ ബാധ്യത അടച്ചുതീർത്ത് പ്രമാണം തിരിച്ചു നൽകിയ കേരള ബാങ്ക് വയനാട് പടിഞ്ഞാറത്തറ ശാഖ ജീവകാരുണ്യത്തിന്റെ ഉദാത്ത മാതൃകയായി. ക്ഷീരകർഷകയായ വിജയയുടെ പശുക്കൾ ചത്തുപോയതോടെ ശാഖയിൽ നിന്ന് എടുത്ത വായ്പ തിരിച്ചടക്കാൻ കഴിയാതെ ദുരിതത്തിലാവുകയായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടിനെ തുടർന്ന് മകൻ ജീവനൊടുക്കിയതോടെ തീർത്തും ഒറ്റപ്പെട്ടുപോയ വിജയയുടെ വായ്പ്പാ ബാധ്യതയാണ് കേരള ബാങ്ക് പടിഞ്ഞാറത്തറ ശാഖയിലെ ജീവനക്കാർ ചേർന്ന് സ്വരൂപിച്ച് അടച്ചു തീർത്തത്. നിരാലംബയായ വീട്ടമ്മയെ വായ്പ്പാ ഭാരത്തിൽ നിന്നും മോചിതയാക്കുക എന്ന ഉദ്ദേശത്തോടെ ഏരിയാ മാനേജർ ശ്രീമതി നിഷ മാത്യു, മാനേജർ ശ്രീ. സി.കെ. സർഫുദീൻ, അസിസ്റ്റന്റ് മാനേജർ ശ്രീ. പി.സി. വിനോദ്, ശ്രീമതി ബിന്ദു, ശ്രീമതി ആഗ്നസ് ജോസഫ്, ശ്രീമതി ഉഷ ശരത്കുമാർ, ശ്രീ. ഗഫൂർ എന്നിവരാണ് കാരുണ്യ പ്രവർത്തനത്തിന് നേതൃത്വം നൽകിയത്.

അകാലത്തിൽ വിട്ടുപിരിഞ്ഞ കേരള ബാങ്ക് നാദാപുരം ശാഖയിലെ ജീവനക്കാരൻ സുധീഷ്കുമാറിന്റെ കുടുംബത്തിനുള്ള കോഴിക്കോട് ജില്ലയിലെ സഹപ്രവർത്തകരുടെ 'സഹായഹസ്തം' കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ കൈമാറുന്നു.

സുമനസുകളായ കേരള ബാങ്ക് ജീവനക്കാരുടെ സാമ്പത്തിക സഹായത്താൽ വയനാട് പനമരം ശാഖയിലെ പാവപ്പെട്ട ഒരു വീട്ടമ്മയുടെ മരണപ്പെട്ട ഭർത്താവിന്റെ പേരിലുള്ള വായ്പ്പാ കണക്ക് അവസാനിപ്പിച്ച് പട്ടയം തിരിച്ചു നല്കി.

വിശ്വനാഥ ഗട്ടിയുടെ കുടുംബത്തിന് സ്വന്തം വീട്

കേരള ബാങ്ക് കാസറഗോഡ് കുമ്പള ശാഖയിലെ കളക്ഷൻ ഏജന്റായി ജോലി ചെയ്യുന്നതിനിടെ മരിച്ച കുണ്ടാപ്പുവിലെ വിശ്വനാഥ ഗട്ടിയുടെ കുടുംബത്തിന് കേരള ബാങ്ക് വീട് നിർമ്മിച്ചു നൽകി. വീടിന്റെ താക്കോൽ ദാനവും കുടുംബസഹായ ഫണ്ട് കൈമാറ്റവും ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ നിർവ്വഹിച്ചു. ജില്ലയിലെ മുഴുവൻ ജീവനക്കാരും അവരുടെ ശമ്പളത്തിൽ നിന്ന് നിശ്ചിത തുക മാറ്റിവെച്ചാണ് സഹപ്രവർത്തകനായ വിശ്വനാഥന്റെ കുടുംബത്തിന് 11 ലക്ഷത്തിലേറെ രൂപ ചെലവിൽ സ്നേഹവീടൊരുക്കിയത്. ചെറിയൊരു കൂരക്കുള്ളിൽ രണ്ട് ചെറിയ കുട്ടികളുമൊത്ത് ദുരിതജീവിതം നയിക്കുകയായിരുന്ന ഇവരുടെ ദയനീയ കഥ വിശ്വനാഥന്റെ മരണത്തോടെയാണ് പുറംലോകം അറിഞ്ഞത്. കേരള ബാങ്ക് ഡയറക്ടർ ശ്രീ. സാബു അബ്രഹാം ചടങ്ങിന് അധ്യക്ഷത വഹിച്ചു. കാസറഗോഡ് സി.പി.സി. ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി സി.പി. രഹന, നിർമ്മാണ കമ്മിറ്റി ചെയർമാൻ ശ്രീ. പ്രകാശ് റാവ്, കൺവീനർ ശ്രീ. ടി. രാജൻ, ശ്രീ. കെ.വി. ബാലഗോപാലൻ എന്നിവർ പങ്കെടുത്തു.

നവകേരള സദസ്സിൽ നൽകിയ പരാതിക്ക് ലഭിച്ച കത്തുമായി ബ്രാഞ്ചിൽ ചെന്നപ്പോൾ അസൗകര്യം നേരിട്ടതായി വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ പഴയന്നൂരിലെ വായ്പക്കാരി ശ്രീമതി സുധയുടെ വീട് ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ സന്ദർശിച്ചു. സുധയുടെ വായ്പയിൽ ബാക്കിനിൽക്കുന്ന മുഴുവൻ പലിശയും ഒഴിവാക്കി വായ്പ അവസാനിപ്പിക്കാനുള്ള അനുവാദം അദ്ദേഹം നൽകുകയും ചെയ്തു.

വിജയവഴികൾ

കണ്ണൂർ, കാസറഗോഡ് ജില്ലകൾ ഉൾപ്പെട്ട കണ്ണൂർ റീജിയനാണ് ഈ മാസം പരിചയപ്പെടുത്തുന്നത്.

കേരള ബാങ്കിന്റെ പ്രധാന പ്രവർത്തന മേഖലയായ 7 റീജിയണൽ ഓഫീസുകളെയും അതിന്റെ പരിധിയിൽ വരുന്ന ജില്ലകളുടെ പ്രവർത്തനങ്ങളെയും പരിചയപ്പെടുത്തുന്ന പംക്തി. ജില്ലയുടെ നേട്ടങ്ങൾ, സംഘങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങി പ്രധാന വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 7 **പ്രധാന റീജിയണുകൾ** കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം.

സപ്തഭാഷ സംഗമഭൂമിയാണ് കാസറഗോഡ്. കണ്ണൂർ ആകട്ടെ തറികളുടെയും തിറകളുടെയും നാടും. കേരളത്തിന്റെ വടക്കേ അറ്റത്തെ 2 ജില്ലകൾ ചേർന്നതാണ് കേരള ബാങ്കിന്റെ കണ്ണൂർ റീജിയൻ. ആസ്ഥാനം കണ്ണൂർ. 2019ന മുൻപ് കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക്, കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് എന്നീ നിലകളിൽ പ്രവർത്തിച്ചുവന്നിരുന്ന രണ്ട് സ്വതന്ത്രമായ സംവിധാനങ്ങൾ സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേരള ബാങ്ക് എന്ന ബൃഹത്തായ സംവിധാനത്തിന്റെ ഭാഗമായി മാറി. അതിനും ഒരുപാട് മുൻപേ കോഴിക്കോട് ജില്ല സഹകരണ ബാങ്കിന്റെ കീഴിലായിരുന്ന ഈ രണ്ട് ജില്ലകളും.



ശ്രീമതി കെ.ജി. വത്സലകുമാരി
ഡയറക്ടർ, കണ്ണൂർ ജില്ല

ശ്രീ. സാബു ഏബ്രഹാം
ഡയറക്ടർ, കാസറഗോഡ് ജില്ല

സഹകരണ പ്രസ്ഥാനത്തിന്റെ ഈറ്റില്ലം എന്ന് നിസ്സംശയം കണ്ണൂർ ജില്ലയെ നമുക്ക് വിശേഷിപ്പിക്കാം. നമ്മുടെ സംസ്ഥാനത്തെ ഏറെ പ്രസിദ്ധമായ, രാജ്യത്തിന് തന്നെ മാതൃകയായ നിരവധി സഹകരണ മാതൃകകൾ കണ്ണൂരിന് അവകാശപ്പെട്ടതാണ്. ദിനേശ്, റബ്കോ എന്നിവയെല്ലാം ഇതിന് ചില ഉദാഹരണങ്ങൾ മാത്രം. ഉത്തരമലബാറിന്റെ സാമൂഹിക സാമ്പത്തിക രംഗത്തെ വളർച്ചയിൽ സവിശേഷമായ സ്ഥാനം ജില്ലാ ബാങ്ക് എന്ന നിലയിൽ കണ്ണൂർ, കാസറഗോഡ് ജില്ലാ ബാങ്കുകൾക്കുണ്ട്. സേവനം എന്നതിനപ്പുറം കച്ചവട താല്പര്യത്തോടെ നമ്മുടെ നാട്ടിലെ ദേശസാൽകൃത ബാങ്കുകൾ സാധാരണ ജനങ്ങളെ ചൂഷണം ചെയ്യാൻ തുടങ്ങിയപ്പോൾ, അല്ലെങ്കിൽ അവരുടെ ആവശ്യങ്ങൾക്ക് നേരെ മുഖംതിരിച്ചപ്പോൾ സഹകരണത്തിന്റെ ഉദാത്തമായ മാതൃകകൾ മുൻനിർത്തി അവരുടെ കൂടെ എന്നും നിലയുറപ്പിക്കാൻ വിവിധങ്ങളായ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇവയിൽ ഏറ്റവും മുൻപന്തിയിൽ തന്നെ ഈ രണ്ടു ജില്ലാ ബാങ്കുകളും ഉണ്ടായിരുന്നു. 2019 ലാണ് ജനകീയ സർക്കാർ സംസ്ഥാനത്തിനായി സ്വന്തം ബാങ്ക് എന്ന നിലയിൽ സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും ലയിപ്പിച്ച് കേരള ബാങ്ക് എന്ന ആശയം യാഥാർത്ഥ്യമാക്കുന്നത്. സ്വാഭാവികമായും കാസറഗോഡ് കണ്ണൂർ ജില്ലാ ബാങ്കുകൾ ഒന്നായി കണ്ണൂർ റീജിയൻ എന്ന നിലയിൽ അറിയപ്പെട്ടു തുടങ്ങി. 10000 കോടിയിലധികം രൂപയുടെ ബാങ്കിംഗ് ബിസിനസ് നടത്തിയ കണ്ണൂർ ഇന്ന് കേരള ബാങ്കിൻറെ നെട്ടുംതൂണായി പ്രവർത്തിക്കുന്നു. വ്യക്തിഗത വായ്പ ഏറ്റവും കൂടുതൽ നൽകിയ സിപിസി എന്ന സ്ഥാനം ഇപ്പോഴും കണ്ണൂർ ജില്ലക്ക് തന്നെയാണ്. കേരള ബാങ്കിന്റെ ആകെ ബിസിനസിന്റെ വലിയൊരംശം കൈകാര്യം ചെയ്യുന്നതും കണ്ണൂർ കാസറഗോഡ് ജില്ലകൾ തന്നെയാണ്. കേരള ബാങ്ക് രൂപീകൃതമായതോടു കൂടെ സഹകരണ രംഗത്ത് അന്നുവരെ ഇല്ലാത്ത കോർ ബാങ്കിംഗ് സൊല്യൂഷൻ ഏറ്റവും മികവാർന്ന രീതിയിൽ നടപ്പിലാക്കാൻ ഈ റീജിയണ് സാധിച്ചിട്ടുണ്ട്. ഈ രണ്ടു ജില്ലകളിലും ആയി 193 പ്രാഥമിക കാർഷിക വായ്പ സംഘങ്ങളാണ് ഉള്ളത്. കണ്ണൂരിൽ 130, കാസറഗോഡ് ജില്ലയിൽ 66. കേരള ബാങ്കിന്റെ ഓഹരി ഉടമസ്ഥർ എന്ന നിലയിൽ വിവിധ പരിപാടികൾ 2019 മുതൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഭരണസമിതി അംഗങ്ങൾക്കും സെക്രട്ടറിമാർക്കും നൽകിയ വിവിധ പരിശീലനങ്ങൾ. ഓരോ വർഷവും തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്ക് വിവിധ തലത്തിലുള്ള പരിശീലനവും സഹായവും നൽകി. ഇത്തരത്തിൽ ഇതുവരെ 12 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കാണ് ബാങ്ക് പരിശീലനം നൽകിയത്. മാത്രമല്ല ഇവയുമായുള്ള ജീവബന്ധം കാത്തുസൂക്ഷിക്കുന്നതിനായി ശാഖ, റീജിയണൽ, സി പി സി തലത്തിൽ പരാതി പരിഹാര സംവിധാനവും ഒരുക്കി. മുഴവൻ പ്രാഥമിക സംഘങ്ങളെയും കെസിസി വായ്പയിലേക്ക് കൊണ്ടുവരാനുള്ള ശ്രമത്തിലാണ് ബാങ്ക്. കണ്ണൂർ ജില്ലയിൽ കേരള ബാങ്കിന്റെ 65 ശാഖകളും കാസർഗോഡ് ജില്ലയിൽ 44 ശാഖകളുമാണ് ഉള്ളത്.

ശ്രീ.സി. അബ്ദുൾ മുജീബ്
റീജിയണൽ മാനേജർ
കണ്ണൂർ

2024 മാർച്ച് 31ന് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കിട്ടാക്കടം 500 കോടിയിൽ താഴെ കൊണ്ടുവരിക എന്ന വലിയ ലക്ഷ്യവുമായാണ് രണ്ടു ജില്ലകളിലും ജീവനക്കാർ പ്രവർത്തിക്കുന്നത്. അവധി ദിവസങ്ങളിൽ പോലും ജോലി ചെയ്യുന്ന ജീവനക്കാർ തന്നെയാണ് കണ്ണൂരിന്റെയും കാസർകോടിന്റെയും മികച്ച വിജയത്തിന് പിന്നിലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

മിഷൻ 100 ഡെയ്സ് ക്യാമ്പയിനിൽ ഒന്നാം സ്ഥാനവും Be the number one ക്യാമ്പയിനിൽ രണ്ടാം സ്ഥാനവും കണ്ണൂരിന്

സംസ്ഥാനത്ത് സിപിസി തലത്തിൽ ഏറ്റവും കൂടുതൽ വ്യക്തിഗത വായ്പ നൽകിയ ജില്ലയാണ് കണ്ണൂർ.

കേരള ബാങ്ക് രൂപീകരണത്തിന് ശേഷം തുടർച്ചയായി വായ്പാ വിതരണത്തിൽ വളർച്ച കൈവരിക്കാൻ കണ്ണൂർ ജില്ലക്ക് സാധിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂരിൽ 7644 കോടി രൂപയുടെ നിക്ഷേപവും 5426 കോടി രൂപയുടെ വായ്പയും നൽകിയിട്ടുണ്ട്. ലീഡ് ബാങ്ക് കണക്കുകൾ പ്രകാരം ജില്ലയിലെ ആകെ ബാങ്കിംഗ് ബിസിനസിന്റെ 13 ശതമാനവും കേരള ബാങ്കിലാണ്. കാസറഗോഡ് ജില്ലയിൽ 31-3 -23 ലെ കണക്ക് പ്രകാരം നിക്ഷേപം 2675.38 കോടിരൂപയും വായ്പ 1804.76 കോടിരൂപയുമാണ്. ബാങ്കിന്റെ കോർ ബാങ്കിംഗ് സൊലൂഷൻ പൂർത്തിയായതോടുകൂടി പുതുതലമുറ ഉപഭോക്താക്കളെ ബാങ്കിലേക്ക് ആകർഷിക്കുന്നതിനായി വിവിധങ്ങളായ പരിപാടികൾ രണ്ട് സിപിസി തലത്തിലും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ലോൺ നൽകുക എന്നതിനൊപ്പം തന്നെ അത് കുടിശ്ശികയാകാതെ ശ്രദ്ധിക്കുക എന്നത് ഏതൊരു ബാങ്കിന്റെയും പരമപ്രധാനമായ ലക്ഷ്യമാണ്. ബാങ്കിന്റെ ഒടിഎസ് ഉൾപ്പെടെയുള്ള സ്കീമുകൾ ഉപയോഗിച്ച് നിരവധി വായ്പകളിൽ കോംപ്രമൈസ് സെറ്റിൽമെന്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് ഏകദേശം 35 ശാഖകൾ 2023 മാർച്ച് 31 നേക്കാൾ കിട്ടാക്കടം കുറച്ചിട്ടുണ്ട് എന്നതാണ് ശ്രദ്ധേയം.

ശ്രീ. മനോജ് പി.പി.
ഡപ്യൂട്ടി ജനറൽ മാനേജർ
CPC, കണ്ണൂർ

ശ്രീമതി രഹന സി.പി.
ഡപ്യൂട്ടി ജനറൽ മാനേജർ
CPC, കാസർഗോഡ്

ബാങ്ക് പ്രത്യേകം ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരു വിഭാഗമാണ് എം എസ് എം ഇ. മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കുക എന്നത്. പ്രദേശത്തിന്റെ വികസനത്തിനു കൂടി ഇത്തരം പദ്ധതികൾ സഹായകമാകും. ഈ ലക്ഷ്യത്തിനായി ജില്ല വ്യവസായ കേന്ദ്രവുമായി സഹകരിച്ച് വിവിധ പരിപാടികൾ, ലോൺ മേളകൾ എന്നിവ സംഘടിപ്പിച്ചു. വിജയകരമായി പ്രവർത്തിച്ചുവരുന്ന നിരവധി എം എസ് എം ഇ യൂണിറ്റുകൾ രണ്ട് ജില്ലയിലുമുണ്ട്.

പാൽ സംസ്കരണം, വിവിധ പഴവർഗ്ഗങ്ങളുടെ സംസ്കരണം വിപണനം ബീഡി സംഘങ്ങൾ തുടങ്ങി നിരവധി സംഘങ്ങൾ ഉള്ള ജില്ലകളാണ് കണ്ണൂരും കാസറഗോഡും. ഇത്തരത്തിൽ ഇന്ന് രാജ്യം മുഴുവൻ മാതൃകയാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു സംഘം ആണ് അഞ്ചരക്കണ്ടി ഫാർമേഴ്സ് ബാങ്ക്. തേങ്ങയിൽ നിന്ന് വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘത്തിന് 24 മണിക്കൂറിൽ ഒരു ലക്ഷം പച്ചത്തേങ്ങ കൊപ്രയാക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ കൊപ്ര ഡ്രയറുമുണ്ട്.



517.26 ലക്ഷം രൂപ ഓഹരി മൂലധനവും 290.96 കോടി രൂപ നിക്ഷേപവും 229.45 കോടി വായ്പ നീക്കിയിരിപ്പുമുള്ള ക്ലാസ് സൂപ്പർ ഗ്രേഡാണ് അഞ്ചരക്കണ്ടി ബാങ്ക്. ഒരു ധനകാര്യ സ്ഥാപനം എന്നതിലുപരി ജന നന്മക്കും സാമൂഹിക പ്രതിബദ്ധതയ്ക്കും മുൻതൂക്കം നൽകി വൈവിധ്യവൽക്കരണത്തിലൂടെ പ്രദേശത്തിന്റെ വികസനത്തിന് ചുക്കാൻ പിടിക്കുന്ന സംഘങ്ങൾ സാമൂഹിക പുരോഗതിയുടെ ചാലകശക്തി കൂടിയാണ്.

കണ്ണൂർ ചെമ്പേരി ശാഖയിൽ നിന്നും എടുത്ത 40 ലക്ഷം രൂപയുടെ KB മിത്ര MSME വായ്പ ഉപയോഗിച്ച് തുടങ്ങിയ NEW WHEEL TECH ചെമ്പേരി എന്ന സ്ഥാപനത്തിന്റെ സ്വിച്ച് ഓൺ കർമ്മം നിർവഹിക്കുന്നു.

AIF പ്രോജക്റ്റിൽ ബേഡഡുക്ക ഫാർമസ് സർവീസ് സഹകരണ ബാങ്ക് ആരംഭിച്ച ഡിഫൈബറിഗ് യൂണിറ്റിൽ നിന്ന് ആദ്യ ലോഡ് വിവിധ കയർ സഹകരണ സംഘങ്ങളിലേക്ക് കയറ്റി അയക്കുന്നു.

തയ്യാറാക്കിയത്:
ഹാറൂൺ റഷീദ്, പിആർഒ, കണ്ണൂർ

1. OLAP refers to
2. What percentage of loans by a particular bank has to be provided to Priority Sector as mandated by RBI
3. When a Bank invest money mostly in government bonds and security then it is known as--------- banking
4. What is the process of combining two or more smaller loans into a single larger loan with better terms called
5. A new digital platform for MSMEs to auction their trade receivables at competitive rates through online bidding by banks is known as --------
6. --------- is an arrangement of credit limit which banks extends to the customers against some tangible security or personal guarantee
7. Term Deposit is an example of--------------
8. Section 65 of the Kerala Cooperative Societies Act deals with
9. Registration of a Cooperative Society is dealt within ------- of Kerala Cooperative Societies Act
10. From which year the RBI, which was originally private owned, became fully owned by the Government of India

Answer Key

1.On-line analytical processing, 2.40 per cent, 3.Narrow, 4.Debt consolidation, 5.TReDS, 6. Cash credit, 7.Self Liquidating Investment, 8. Enquiry, 9. Section 7 and Rule 4, 10. 1949.

FINTECH WORKSHOP FOR RURAL CO-OPERATIVE BANKS

A two-day 'Fintech workshop for Rural Cooperative Banks (RCBs)' was organised by Institutional Development Department (IDD), Head Office NABARD in coordination with Bankers Institute of Rural Development (BIRD), Lucknow at BIRD campus, Lucknow on March 11 and 12. Chairman, NABARD, Sri.Shaji K.V delivered the key note address. Among the dignitaries who spoke at the workshop include NABARD Deputy Managing Director, Sri. G S Rawat, Nabard CGM, IDD, Sri.S K Nanda, Reserve Bank Innovation Hub, Sri.Rajesh Bansal, SBI, CGM, Sri.Rajeev Ranjan Prasad. The CEOs and MDs of State Cooperative Banks, District Central Cooperative Banks, and fintech/Agri-Tech professionals from across the country were present. Kerala State Cooperative Bank (Kerala Bank) CEO, Sri.Jorty M.Chacko also attended the two-day workshop.

NAFSCOB WORKSHOP ON MEASURES TO EXPAND BUSINESS GROWTH

National Federation of State Cooperative Banks (NAFSCOB) organized the Southern Regional Consultation/Workshop with State Cooperative Banks (SCBs)/ DCCBS on "Measures to expand business growth during Amrit Kaal (2022-47) on February 22, 2024 at Bengaluru. Karnataka Chief Minister Sri. Siddaramaiah inaugurated the meeting. Karnataka cooperation minister Sri. K.N. Rajanna, NAFSCOB chairman, Sri. Konduru Ravinder Rao, NAFSCOB Managing Director, Sri. Bhima Subramanyam were among the dignataries who attended the function. The workshop aimed at uplifting cooperatives comprehensively, facilitating business expansion as well as strengthening the network of cooperative banks so as to enhance their self-reliance and long-term sustainability.The meeting of NAFSCOB Board and an interface aimed at discussing the issues arising out of various policy initiatives by Government of India, Reserve Bank of India (RBI) and National Bank for Agriculture and Rural Development (NABARD) were also held on February 21. Kerala Bank Executive Director, Sri. K.C. Sahadevan represented the Bank at the meetings.



NABARD chairman, Sri.Shaji K.V. with Kerala Bank executive director, Sri.K.C. Sahadevan on the sidelines of the inauguration of multiple key initiatives for Cooperative sector including computerisation in 18000 PACS across the country by Hon. Prime Minister, Sri. Narendra Modi at Bharat Mandapam, New Delhi

Kerala Bank : Jorty M Chacko *takes charge as CEO*

Sri.Jorty M Chacko has taken over charge as Chief Executive Officer (CEO) of Kerala State Cooperative Bank (Kerala Bank). A selection committee headed by Kerala chief secretary had recommended the name of Sri. Jorty M Chacko following the end of the tenure of current CEO, which was sanctioned by the State Cabinet. The RBI had earlier given nod to his appointment. Sri.Jorty took over as CEO of Kerala after having served as Executive Director (Retail Banking Division) of IDBI for five years. He brings with him a long banking experience of four decades, having served in both old and new generation private banks, as well as in nationalised Bank. He is also armed with the experience of two mergers: IDBI and IDBI Bank Limited in 2005, and, United Western Bank (UWB) with IDBI in 2007. He has taken over as CEO of Kerala Bank after having served in leading Banks in Kerala for 10 years. He had the privilege to work across various portfolios including Retail banking, Treasury & Risk Management, and, NRE Business and had been instrumental in bringing reforms prompting growth in these portfolios. He had a pivotal role in turning around loss making IDBI bank into a profitable one. His stellar performance in banking sector will definitely create a win-win situation for Asia's largest Cooperative bank-Kerala Bank, that is also aspiring to become the number one bank in the State.

KERALA BANK BIDS FAREWELL TO ITS FIRST CEO

The first CEO of Kerala Bank, Sri. P.S. Rajan, who had led the Bank through its tumultuous formative years, was given a warm and emotional farewell at the Bank head office in Thiruvananthapuram on 15.03.2024. The function saw Bank director, Sri.Rameshbabu, current CEO Sri.Jorty M.Chacko, Executive Director, Sri.K.C Sahadevan, CGM, Sri. Roy Abraham, GMs and other employees at Head Office gathering in the evening to harp on the yeoman service the former CEO had done in handholding the nascent Bank throughout his fruitful four years.Sri. Rajan thanked the team Kerala Bank for executing his vision for the Bank during his tenure. Earlier in the day, the Bank Board and Board of Management held a joint sitting to bid farewell to Sri. P.S.Rajan. Sri. Rajan took over the reins and oversaw the merging of 13 District Co-operative Banks (DCBs) with State Cooperative Bank that include the cumbersome process of merging these banks' assets and liabilities, integration of employees and technology, unification of products and services, drawing up of products and services, licensing of branches and framing up of policies appropriate to the Bank. Sri.Rajan had to start from the scratch as there was no prior models to look up to. But he pulled out excellent results out of the challenges that the Bank faced during its journey. During his tenure, Kerala Bank has been ranked twice as the first among the Cooperatives in Asia as per the World Cooperative Monitor report.

GLIMPSES OF FAREWELL FUNCTION

FINANCIAL DIGITAL LITERACY CAMPS AND VILLAGE LEVEL PROGRAMMES

Vidya Resmi
Agricultural Officer
Head Office

As financial literacy is an important tool for creating demand for new financial products, the Bank has adopted a structured policy for imparting financial literacy to different targets of population. The conduct of Financial Digital Literacy camps through our branches and Financial literacy centres is an ideal way for the promotion of Banking and technology products and to spread the brand philosophy of Kerala Bank. NABARD has offered grant assistance for conducting financial literacy camps under Financial Inclusion Fund(FIF). Financial literacy camps were conducted in all 14 districts for different target groups like people inducted newly in the financial system, adults, farmers, school children, senior citizens, SHGs, entrepreneurs. A wide array of topics including PM Jansuraksha schemes, awareness programmes on various deposit/ loan products of the Bank, Banking technology services towards Cashless Banking, KCC Scheme, Do's and Don'ts while using Rupay Cards, Know Your Customer(KYC), mobile banking, legal aspects of banking with focus to recovery process, Compromise Loan Settlement Schemes etc were discussed with the participants. Brochures on banking products were distributed among participants. Officials from Local Bodies, Kudumbashree Mission, Local Krishi Bhavans were invited to handle sessions. Out of 14 districts, three districts viz., Palakkad, Malappuram and Wayanad come under the category of Special Focus Districts(SFD) or backward districts that are constrained by various physical, economic and sociological characteristics. The grant support from NABARD is limited to Rs.6,000/- per camp in SFDs and Rs.5,000/- per camp in other districts. The Bank is eligible for reimbursement at the rate of 90% of actual expenditure incurred limited to Rs.6,000/- per camp in SFD and 90% of actual expenditure incurred limited to Rs.5,000/- per camp in other districts. During the financial year 2023-24, the Bank has conducted 769 Financial Digital Literacy camps through our branches and Financial literacy centres across the state. Of the total programmes conducted, 195 Financial Literacy Camps. were conducted in SFDs and 574 camps conducted in other districts. The Bank has incurred an amount of Rs. 31,25,236/- (Rupees Thirty one lakh Twentyfive thousand Two hundred and thirty six only) towards the conduct of financial digital literacy camps.

With a view to improve interaction between banks, SHGs and SHPIs (Self Help Group Promoting Institutions) and to sort out issues like credit linkage and repayment at ground level, the Bank has conducted Village Level Programmes(VLPs) by availing NABARD's grant assistance. Each programme was conducted with participants like SHG/JLG members, members from PACS etc. The main topics discussed with the participants include grading of SHGs/JLGs, discussion on repayment issues, financial literacy, microfinance loan products. The grant support from NABARD for the conduct of Village Level Programmes is limited to Rs.2,000/- per programme. The Bank has conducted 366 VLPs during the financial year 2023-24 across the state and has incurred an amount of Rs. 6,71,738/- (Rupees Six lakh Seventyone thousand Seven hundred and Thirty eight only) towards the conduct of VLPs. The literacy programmes conducted during Financial Literacy Week 2023 also conveyed the theme "Good Financial Behaviour – Your Saviour".

RBI' S BI MONTHLY MONETARY POLICY STATEMENT – FEB 2024

The Monetary Policy Committee (MPC) of RBI met during February 6, 7 and 8. On the basis of the assessment of the current and evolving macroeconomic situation, the MPC at its meeting held on 8/2/24 decided by a 5 to 1 majority to keep the policy repo rate under the Liquidity Adjustment Facility unchanged at 6.50 %. Consequently, the SDF (Standing Deposit Facility) remains unchanged at 6.25% and the MSF (Marginal Standing Facility) and Bank rate at 6.75%. The MPC also decided by a 5 to 1 majority to remain focussed on withdrawal of accommodation to ensure that inflation aligns to the target progressively.

Rationale:

There is strong momentum in the domestic economic activity. Though headline inflation rose to 5.7% in December 2023 from 4.9% in October 2023, this was mainly due to food inflation, mostly vegetables. The uncertainties in food prices, however, continue to impinge on the headline inflation trajectory. Considering the above factors and the fact that the transmission of the cumulative 250 bps policy rate hike is still under way, the MPC decided to keep the policy rates unchanged.

DOMESTIC GROWTH

Estimates show the real GDP growth rate at 7.3% for 2023-24. Going forward, the strong economic activity witness during 2023-24 is expected to continue in next year. Despite lower rainfall and delayed sowing, Agricultural activity is holding up well. Rabi sowing has surpassed last year level.

Improved performance is witnessed in industrial activity also. Manufacturing sector remains upbeat with higher profit margins. The PMI for manufacturing is improving.

Services sector activity is expected to remain resilient on the back of strong domestic demand and stable global prospects. The buoyant demand for residential housing, coupled with increased thrust on government capex is expected to propel construction activity.

On the demand side, improved employment conditions and moderating inflation should push up household consumption. Headline inflation moderated to an average of 5.5 per cent during April Dec 2023 from 6.7 per cent during 2022-23. Food price inflation, however, continued to be high and volatile. The inflation trajectory, going forward, would be shaped by the outlook on food inflation, about which there is considerable uncertainty. Adverse weather conditions remain the primary risk with implications for the rabi crop. However, the progress in rabi sowing has been satisfactory and augurs well for the season.

REGULATIONS:

The RBI has announced several measures in the recent past to foster greater transparency and disclosure by the regulated entities (REs) in pricing of loans and other charges levied on the customers. As an addition, the RBI has added one more requirement for the lenders to provide their borrowers a Key Fact Statement (KFS) containing the information regarding a loan agreement, including all-in-cost of the loan, in simple and easy to understand format. All REs have to necessarily provide the KFS to the borrowers for all their retail and MSME loans.

കേരള ബാങ്കിന്റെ ഡയറക്ടർ ബോർഡിലേയ്ക്ക് ആലപ്പുഴ ജില്ലയുടെ പ്രതിനിധിയായി ചുമതലയേറ്റ ശ്രീ. പി. ഗാനകുമാറിനെ ഡയറക്ടർ ബോർഡ് യോഗത്തിൽ ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ സ്വാഗതം ചെയ്യുന്നു

പ്രവാസി സംരംഭങ്ങൾക്ക് 3 കോടി 53 ലക്ഷം രൂപയുടെ വായ്പ

പ്രവാസിസംരംഭകർക്കായി നോർക്ക റൂട്ട്സും കേരളാ ബാങ്കും സംയുക്തമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച വായ്പാനിർണ്ണയ ക്യാമ്പിൽ മൂന്നു കോടി 53 ലക്ഷം രൂപയുടെ വായ്പകൾക്ക് ശിപാർശ നൽകി. 35 പ്രവാസി സംരംഭങ്ങൾക്കായാണ് ഈ തുക ലഭിക്കുക. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം പദ്ധതിപ്രകാരമാണ് വായ്പകൾ അനുവദിക്കുക. നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് വായ്പാ ലഭ്യമാക്കും. കിഴക്കേക്കോട്ടയിലെ കേരളാ ബാങ്ക് റീജിയണൽ ഓഫീസിൽ നടന്ന വായ്പാക്യാമ്പ് കേരളാബാങ്ക് ഡയറക്ടർ അഡ്വ. എസ്. ഷാജഹാൻ ഉദ്ഘാടനം ചെയ്തു. നോർക്ക റൂട്ടസ് തിരുവനന്തപുരം സെന്റർ മാനേജർ ശ്രീ. സഫറുള്ള. എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരളാ ബാങ്ക് റീജിണൽ മാനേജർ ഡോ. എൻ. അനിൽകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി വി. മായ, നോർക്ക റൂട്ട്സ് അസിസ്റ്റന്റ് മാനേജർ ശ്രീമതി ജെൻസി ജോസി എന്നിവർ സംസാരിച്ചു

കേരള ബാങ്കിന്റെ അക്കൗണ്ട് ഉടമകളാകാൻ കൂടുതൽ ആശാവർക്കർമാർ

കോട്ടയത്ത് കേരള ബാങ്ക് സംഘടിപ്പിച്ച ആശാ വർക്കർമാരുടെ സമ്മേളനം സഹകരണ തുറമുഖ വകുപ്പ് മന്ത്രി ശ്രീ. വി എൻ വാസവൻ ഉൽഘാടനം ചെയ്യുന്നു. ബാങ്ക് ഡയറക്ടർ ശ്രീ. കെ.ജെ. ഫിലിപ്പ് കുഴികുളം, കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ, എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ.സി. സഹദേവൻ, ഡിഎംഒ ഡോ. പി.എൻ. വിദ്യാധരൻ, ഡിപിഎം ഡോ. വ്യാസ് സുകുമാരൻ തുടങ്ങിയവർ സമീപം.

കേരള ബാങ്ക് ആലപ്പുഴ റീജിയണൽ ഓഫീസ് ആശാവർക്കേഴ്സിനായി ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ബാങ്കിന്റെ വിവിധ വായ്പകൾ, വനിത വായ്പകൾ, ഡിജിറ്റൽ സേവനങ്ങൾ സംബന്ധിച്ച് ക്ലാസുകൾ സംഘടിപ്പിച്ചു. ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗം ശ്രീ. പി. ഗാനകുമാർ ആലപ്പുഴ റീജിയണൽ മാനേജർ ശ്രീ. എ. അനിൽകുമാർ, ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ശ്രീ. കോശി സി. പണിക്കർ എന്നിവർ സംബന്ധിച്ചു.

ഏറാമലയുടെ ഉൽപ്പന്നത്തിന് വിദേശ മാർക്കറ്റ്

കോഴിക്കോട് ജില്ലയിലെ ഏറാമല സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള കോക്കനട്ട് കോംപ്ലക്സിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന മയൂരം വെളിച്ചെണ്ണ വിദേശ രാജ്യങ്ങളിലേക്കുള്ള കയറ്റുമതി ആരംഭിച്ചു. ഖത്തറിലേക്കുള്ള ആദ്യ ഓർഡറിന്റെ ഫ്ലാഗ് ഓഫ് ബാങ്ക് ചെയർമാൻ ശ്രീ. മനയത്ത് ചന്ദ്രൻ നിർവ്വഹിച്ചു. സർവ്വീസ് സഹകരണ ബാങ്കുകളെ മൾട്ടി സർവ്വീസ് സെന്ററുകളാക്കി ഉയർത്തുക എന്ന ലക്ഷ്യവുമായി നബാർഡ് സഹായത്തോടുകൂടി കേരള ബാങ്ക് നടപ്പിലാക്കുന്ന PACS as MSC (AIF) പദ്ധതിപ്രകാരം അനുവദിച്ച രണ്ട് കോടി രൂപ ഉപയോഗിച്ചാണ് ഏറാമല സർവ്വീസ് സഹകരണ ബാങ്ക് കോക്കനട്ട് കോംപ്ലക്സ് സ്ഥാപിച്ചത്.

കേരള ബാങ്ക് ക്ലർക്ക് /കാഷ്യർ ഉൾപ്പെടെ വിവിധ തസ്തികകളിലേക്കുള്ള പി.എസ്. സി. വിജ്ഞാപനം ഉടൻ

കേരള ബാങ്ക് ക്ലർക്ക്/ കാഷ്യർ, ഓഫീസ് അറ്റൻഡന്റ് ഉൾപ്പെടെ വിവിധ തസ്തികകളിലേക്കുള്ള വിജ്ഞാപനത്തിന് പിഎസ്സി യോഗം അനുമതി നൽകി. ഏപ്രിൽ ആദ്യവാരം ഇതുസംബന്ധിച്ച അറിയിപ്പുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

Special Refinance facility for transforming PACS as MSC through StCBs

NABARD, as part of its continued efforts to rejuvenate the PACS had introduced a special long-term refinance facility through State Cooperative Banks @3% interest rate per annum for creation of quality infrastructure and increase business portfolio of PACS in tune with the needs of the members. The refinance is for a maximum period of 7 years for covering agro storage centres, setting up of cold storages, agro service centres, agro processing centres, agro information centres, agri-transportation and marketing facilities, consumer store & miscellaneous activities, any other post-harvest management infrastructure meeting the value chain requirement of commodities grown in the catchment area.

In Kerala, refinance assistance to the tune of Rs.167.89 crore has been sanctioned to Kerala StCB for financing to PACS under this scheme to 70 projects located in different districts. An amount of Rs.40.47 crore was disbursed against claims pertaining to 18 projects.

A diverse range of projects are being implemented by the PACS which includes infrastructure for supply chain management of vegetables & fruits, Coconut processing unit, Agri Business Park, cold storage, warehouse, agro-processing centre, Rice Mill and Post Harvesting Centre, Multipurpose infrastructure complex, Fertilizer and seedling distribution centre, etc. The projects with activities eligible under Agriculture Infrastructure Fund (AIF) scheme will also get benefitted by the 3% interest subvention up to Rs.2 crore, and the effective rate of interest will be 1% when converged with AIF Scheme.

NABARD

Development Bank of the Nation

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033; under assistance from Cooperative Development Fund of NABARD.
For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905